# തിരൂരങ്ങാടി നഗരസഭ നഗര തെരുവ് കച്ചവട സമിതി തിരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസറുടെ ഉത്തരവ് നടപടികൾ

(ഹാജർ: ശ്രീ. സുനിൽ റയ്മണ്ട് , ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, തിരൂരങ്ങാടി നഗരസഭ )

വിഷയം:- തിരൂരങ്ങാടി നഗരസഭ - നഗര കച്ചവട സമിതി തിരഞ്ഞെടുപ്പ് - നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത് - സംബന്ധിച്ച്

നമ്പർ : H1- 14133/17 തീയതി: 29/11/2021

സൂചന : 1. ദേശീയ തെരുവോര കച്ചവട സംരക്ഷണ നിയമം 2014.

2. 12-03-2018 ലെ കേരള നഗര കച്ചവട ചട്ടം ഉത്തരവ് (പ്രി)നം.15/2015 ത.സ്വ.ഭ.വ.

3. 14-01-2021ലെ തിരൂരങ്ങാടി നഗരസഭാ കൗൺസിലിന്റെ 3(1)ാം നമ്പർ തീരുമാനം.

4. 10-05-2021 ലെ കേരള ഗസറ്റിലെ 320ാം നമ്പർ വിജ്ഞാപനം.

## തിരൂരങ്ങാടി നഗരസഭ വഴിയോര കച്ചവട സമിതി തിരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ

തെരുവ് കച്ചവട നിയമം 2014ന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ പുറപ്പെടുവിച്ച 2018 ലെ തെരുവ് കച്ചവട സമിതി പുനർ നിർണ്ണയിച്ചിട്ടുണ്ട് ഇതുപ്രകാരം ഈ സമിതിയിലെ തെരുവ് വ്യാപാരി പ്രതിനിധികളുടെ അംഗ സംഖ്യ 9 എണ്ണമായി വർദ്ധിച്ചിട്ടുണ്ട്. ഈ ഒമ്പത് അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിന് മാർഗ്ഗ നിർദേശം ചട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

തെരുവ് വ്യാപാര പ്രതിനിധികളിൽ 3ൽ ഒന്ന് പേർ വനിതകളും, എസ്.ടി/എസ്.സി, ഒ.ബി.സി, മൈനോറിറ്റി, ശാരീരിക ബലഹീനതയുള്ളവർ എന്നിവർക്ക് ഓരോന്ന് വീതവും ബാക്കി വരുന്ന അംഗങ്ങൾ പൊതുവിഭാഗത്തിൽ നിന്നും ആവേണ്ടതാണ്.

നഗര കച്ചവട സമിതി അനുവദിച്ച തിരിച്ചറിയൽ കാർഡ് ഉള്ളവരാണ് ഈ തിരഞ്ഞെടുപ്പിലെ വോട്ടർമാർ ഇവരിൽ നിന്നും മേൽ പറഞ്ഞ ഒമ്പത് പ്രതിനിധികളെ കണ്ടെത്തേണ്ടതുണ്ട്. ഇതു പ്രകാരം തിരൂരങ്ങാടി നഗരസഭ തെരുവ് കച്ചവട സമിതി തിരഞ്ഞെടുപ്പ് നടപടികൾ പ്രസിദ്ധീകരിച്ചു ഇതിനാൽ ഉത്തരവാകുന്നു.

മേൽ സൂചനകൾ പ്രകാരം തിരൂരങ്ങാടി നഗരസഭയിലെ കച്ചവട സമിതി രൂപീകരിക്കുന്നതിന് തെരുവ് കച്ചവടക്കാരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുള്ള തിരഞ്ഞെടുപ്പ് 2021 ഡിസംബർ - 29 ന് (ബുധൻ) നടത്തുന്നതാണ്.

1. 2015-2017 കാലയളവിലെ സർവ്വേയിലും 29-06-21 ലെ സ.(ഉ)(സാധാ)നം. 1226/2021/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം തിരൂരങ്ങാടി നഗരസഭയിലെ സർവ്വേയിൽ ഉൾപ്പെട്ട വഴിയോര കച്ചവടക്കാർക്കാണ് തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്
2. അന്തിമ വോട്ടേഴ്സ് പട്ടിക നവംബർ 29ന് തിരൂരങ്ങാടി നഗരസഭ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതാണ്.
3. തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിന്റെ പകർപ്പും മറ്റ് മാർഗ നിർദ്ദേശങ്ങളും അന്തിമ വോട്ടർ പട്ടികയിലെ തെരുവ് കച്ചവടക്കാർക്ക് നൽകുന്നതിനായി നവംബർ 30ന് 2:30 മണിക്ക് തിരൂരങ്ങാടി നഗരസഭാ ഹാളിൽ വച്ച് യോഗം സംഘടിപ്പിക്കുന്നതാണ്
4. 10 ഡിസംബർ 2021 മുതൽ നാമനിർദ്ദേശ പത്രിക ഫോറം എൻ.യു.എൽ.എം ഓഫീസിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്.
5. സ്ഥാനാർത്ഥികൾ സെക്യൂരിറ്റി ഡെപ്പോസിറ്റായി ആയിരം രൂപ (1000 ഉറുപ്പിക) രൂപ ക്യാഷ് / ഡിഡി നോമിനേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. സ്ഥാനാർത്ഥിക്കു പോൾ ചെയ്ത വോട്ടിന്റെ 1/6 ലഭിച്ചില്ലെങ്കിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക നഗരസഭാ ഫണ്ടിലേക്ക് കണ്ട് കെട്ടുന്നതാണ്.
6. കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടവരും ഒന്നിൽ കൂടുതൽ എഫ്.ഐ.ആർ ഉള്ളവരുമായ തെരുവ് കച്ചവടക്കാർ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അയോഗ്യരാണ്.
7. 2021 ഡിസംബർ 16 ന് ഉച്ചക്ക് 1 മണിവരെ റിട്ടേണിംഗ് ഓഫീസർ മുമ്പാകെ നാമനിർദ്ദേശ പത്രിക സമർപ്പിക്കാവുന്നതാണ്.
8. 2021 ഡിസംബർ 20-ാം തിയതി ഉച്ചക്ക് 2:30 മണിക്ക് നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധന നടത്തുന്നതാണ്.
9. 2021 ഡിസംബർ 21-ാം തിയതി ഉച്ചക്ക് 2 മണിവരെ നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന സമയമാണ്. അന്നേ ദിവസം നഗര തെരുവ് കച്ചവട സമിതിയിലേക്ക് തിരഞ്ഞെടുക്കുന്നവരുടെ എണ്ണവും അന്തിമ സ്ഥാനാർത്ഥികളുടെ എണ്ണവും തുല്യമായാൽ റിട്ടേണിംഗ് ഓഫീസർ അവരെ വിജയികളായി പ്രഖ്യാപിക്കുന്നതാണ്. അല്ലാത്ത പക്ഷം അന്തിമ സ്ഥാനാർത്ഥികളുടെ എണ്ണം, തിരഞ്ഞെടുക്കുന്നവരെക്കാൾ കൂടുതൽ ആയാൽ പ്രസ്തുത പട്ടിക അന്നേ ദിവസം 4 മണിക്ക് നഗരസഭാ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. തുടർന്ന് 2021 ഡിസംബർ 29-ാം തിയതി 11 മണി മുതൽ 1 വരെ ബാലറ്റ് പേപ്പർ തിരഞ്ഞെടുപ്പ് തിരൂരങ്ങാടി നഗരസഭാ ഹാളിൽ വെച്ച് നടത്തുന്നതും അന്നേ ദിവസം 4 മണിക്ക് വോട്ടെണ്ണി ഫലം പ്രഖ്യാപിക്കുന്നതുമാണ്.
10. വോട്ടെടുപ്പ് സംബന്ധിച്ച മുഴുവൻ അന്തിമ തീരുമാനങ്ങളും റിട്ടേണിംഗ് ഓഫീസറായ സിറ്റി പ്രോജക്റ്റ് ഓഫീസറിൽ (നഗരസഭ HI Grade I) നിക്ഷിപ്തമാണ്.
11. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നാമനിർദ്ദേശക പത്രിക സമർപ്പിക്കുന്നതിനും വോട്ടെടുപ്പിനും പിൻവലിക്കുന്നതിനും നഗരസഭയിൽ നിന്നും അനുവദിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്. നഗരസഭയിൽ നിന്നും അനുവദിച്ച

തിരിച്ചറിയൽ കാർഡ് നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ തിരിച്ചറിയൽ കാർഡ് നമ്പർ, ആധാർ കാർഡ് എന്നിവ ഹാജരാക്കേണ്ടതാണ്.

തെരുവ് കച്ചവട സംരക്ഷണ ചട്ട പ്രകാരം തിരൂരങ്ങാടി നഗരസഭാ നഗര കച്ചവട സമിതി നിശ്ചയിച്ച നഗരസഭാ കച്ചവട സമിതി തിരഞ്ഞെടുപ്പ് വിജ്ഞാപനം ഇതിനാൽ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

റിട്ടേണിംഗ് ഓഫീസർ
നഗര കച്ചവട സമിതി തിരഞ്ഞെടുപ്പ്
തിരൂരങ്ങാടി നഗരസഭ

NATIONAL URBAN LIVELIHOODS MISSION * TIRURANGADI-676 306

City Project Officer
CMMU National Urban Livelihoods Mission
Tirurangadi Municipality
Malappuram Dt, Pin:676 306
Ph:0494-2460339

പകർപ്പ് :

1. മുനിസിപ്പൽ ചെയർമാൻ / വൈസ് ചെയർ പേഴ്സൺ
2. നോട്ടീസ് ബോർഡ് തിരൂരങ്ങാടി നഗരസഭ
3. ഓഫീസ് / കരുതൽ ഫയൽ

## തിരൂരങ്ങാടി നഗരസഭ വഴിയോര കച്ചവട സമിതി - ഇലക്ഷൻ കാര്യപരിപാടികൾ ഒറ്റനോട്ടത്തിൽ

| | | | |
|---|---|---|---|
| 1 | ഇലക്ഷൻ വിജ്ഞാപനം | - | 29-11-2021 |
| 2 | അന്തിമ വോട്ടേഴ്സ് പട്ടിക | - | 29-11-2021 |
| 3 | തിരഞ്ഞെടുപ്പ് വിജ്ഞാപനം വോട്ടർമാരെ അറിയിക്കുന്നതിനുള്ള യോഗം | - | 30-11-2021 2.30pm |
| 4 | നാമനിർദ്ദേശ പത്രിക ഫോറം വിതരണം | - | 10-12-2021 |
| 5 | നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട അവസാന തിയതി | - | 18-12-2021 1pm |
| 6 | നാമനിർദ്ദേശ പത്രിക സൂക്ഷ്മ പരിശോധന | - | 20-12-2021 2.30pm |
| 7 | നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുള്ള അവസാന തിയതി (4 മണിക്ക് സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കും) | - | 21-12-2021 2pm വരെ |
| 8 | തിരഞ്ഞെടുപ്പ് | - | 29-12-2021 11am-1pm |
| 9 | വോട്ടെണ്ണൽ | - | 29-12-2021 4pm ന് ആരംഭിക്കും |

24/11/21

NATIONAL URBAN LIVELIHOODS MISSION TIRURANGADI-676 306

City Project Officer
CMMU National Urban Livelihoods Mission
Tirurangadi Municipality
Malappuram Dt, Pin:676 306
Ph:0494-2460339